## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **28-07-2021 - ൽ മറുപടിയ്ക്ക്**

## ഡയാലിസിസ് സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡയാലിസിസ് ചികിത്സ ആവശ്യമുള്ള രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായും നിലവിലുള്ള ഡയാലിസിസ് സെന്ററുകൾ പരിമിതമാണെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ആശുപത്രികളിൽ 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021 ഓടെ 6 ഡയാലിസിസ് യൂണിറ്റുകൾകൂടി പ്രവർത്തന സജ്ജമാകും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 30 , കൊല്ലം മെഡിക്കൽ കോളേജിൽ 11, ആലപ്പുഴ മെഡിക്കൽ കോളേജിൽ 25, കോട്ടയം മെഡിക്കൽ കോളേജിൽ 42, ഇടുക്കി മെഡിക്കൽ കോളേജിൽ 5, എറണാകുളം മെഡിക്കൽ കോളേജിൽ 17,തൃശ്ശൂർ മെഡിക്കൽ കോളേജിൽ 22,മഞ്ചേരി മെഡിക്കൽ കോളേജിൽ 8, കോഴിക്കോട് മെഡിക്കൽ കോളേജിൽ 45, കണ്ണൂർ മെഡിക്കൽ കോളേജിൽ 25 ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചു വരുന്നു.സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ എത്തുന്ന പരമാവധി രോഗികൾക്ക് ഡയാലിസിസ് നടത്തി വരുന്നുണ്ട്. ഇതിനായി കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കാളും രോഗികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള പ്രതിരോധ നടപടികളിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത്. രോഗം എത്രയും നേരത്തെ കണ്ടെത്തി സമ്പൂർണ്ണ ചികിത്സ ഉറപ്പാക്കുകയും രോഗം വരാതിരിക്കുന്നതിനുള്ള ശീലവൽക്കരണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയുമാണ് അഭികാമ്യമായിട്ടുള്ളത്. |
| (ബി) | ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ആലോചിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | താലൂക്കാശുപത്രികളിൽ സ്ഥല സൗകര്യമുണ്ടെങ്കിൽ ഘട്ടം ഘട്ടമായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ Strengthening of Dialysis Unit എന്ന പ്ലാൻ പദ്ധതി നിലവിലുണ്ട്. ഡയാലിസിസിനായി രോഗികൾ കൂടുതൽ ആശ്രയിക്കുന്നത് രക്തധമനികളിലൂടെയുള്ള ഡയാലിസിസ് (ഹീമോ ഡയാലിസിസ്) ആണ്. ഏറെ ചിലവേറിയതും ആശുപത്രിവാസം ആവശ്യമുള്ളതും ഹ്രസ്വ ഇടവേളകളിൽ ചെയ്യേണ്ടതുമായ ഹീമോ |

| | | | |
|---|---|---|---|
| | | | ഡയാലിസിസിനു പകരം താരതമ്യേന ചെലവ് കുറഞ്ഞതും വീട്ടുകളിൽ വച്ചുതന്നെ ചെയ്യാവുന്നതുമായ പെരിടോനിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്നതിനായാണ് സംസ്ഥാന ആരോഗ്യവകുപ്പ് ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നത്. സർക്കാർ ആശുപത്രികളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48(44+4) ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിൽ 44 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2. ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6 ഡയാലിസിസ് ചികിത്സാ കോന്ദ്രങ്ങളിൽ 3 ആശുപത്രികളിലുള്ള ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. (കട്ടപ്പന താലൂക്ക് ആശുപത്രി, അടിമാലി താലൂക്ക് ആശുപത്രി, മലയിൻകീഴ് താലൂക്ക് ആശുപത്രി) മറ്റ് 3 ആശുപത്രികളിൽ നിർമ്മാണം പുരോഗമിക്കുന്നു. (താലൂക്ക് ആശുപത്രി ആറ്റിങ്ങൾ, ജി.എച്ച്. ഇരിങ്ങാലക്കുട, പാറശ്ശാല താലൂക്ക് ആശുപത്രി). |
| (സി) | സർക്കാർ തലത്തിൽ ഡയാലിസിസ് സെന്ററുകൾ നിലവിലില്ലാത്ത മണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ? | (സി) | താലൂക്കാശുപത്രികളിൽ സ്ഥല സൗകര്യമുണ്ടെങ്കിൽ ഘട്ടം ഘട്ടമായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ Strengthening of Dialysis Unit എന്ന പ്ലാൻ പദ്ധതി നിലവിലുണ്ട്. ഡയാലിസിസിനായി രോഗികൾ കൂടുതൽ ആശ്രയിക്കുന്നത് രക്തധമനികളിലൂടെയുള്ള ഡയാലിസിസ് (ഹീമോ ഡയാലിസിസ്) ആണ്. ഏറെ ചിലവേറിയതും ആശുപത്രിവാസം ആവശ്യമുള്ളതും ഹ്രസ്വ ഇടവേളകളിൽ ചെയ്യേണ്ടതുമായ ഹീമോ ഡയാലിസിസിനു പകരം താരതമ്യേന ചെലവ് കുറഞ്ഞതും വീട്ടുകളിൽ വച്ചുതന്നെ ചെയ്യാവുന്നതുമായ പെരിടോനിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്നതിനായാണ് സംസ്ഥാന ആരോഗ്യവകുപ്പ് ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നത്. സർക്കാർ ആശുപത്രികളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48(44+4) ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിൽ 44 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2. ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6 ഡയാലിസിസ് ചികിത്സാ കോന്ദ്രങ്ങളിൽ 3 ആശുപത്രികളിലുള്ള ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. (കട്ടപ്പന താലൂക്ക് ആശുപത്രി, അടിമാലി താലൂക്ക് ആശുപത്രി, മലയിൻകീഴ് താലൂക്ക് ആശുപത്രി) മറ്റ് 3 ആശുപത്രികളിൽ നിർമ്മാണം പുരോഗമിക്കുന്നു. (താലൂക്ക് ആശുപത്രി ആറ്റിങ്ങൾ, ജി.എച്ച്. ഇരിങ്ങാലക്കുട, പാറശ്ശാല താലൂക്ക് ആശുപത്രി). |

സെക്ഷൻ ഓഫീസർ